## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2586 — 19/07/2011 - ൽ മറുപടിക്ക്

### എ ആർ രാജരാജവർമ്മ സ്മാരക മന്ദിരം ഭാഷാ ഗവേഷണ പഠന കേന്ദ്രമാക്കുവാനുള്ള നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു: മുഖ്യമന്ത്രി) |
| എ) മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി നേടിയെടുക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച പ്രവർത്തനങ്ങൾ പിൻതുടരാൻ തയ്യാറാകുമോ; | എ) യും ബി) യും | മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി നേടിയെടുക്കുന്നതിനായ നടപടികൾ തുടർന്ന് വരികയാണ്. ഇതിനായി വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് 12/12/2010 ൽ സർക്കാർ ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിച്ചിരുന്നു. ക്ലാസിക്കൽ പദവി നേടിയെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി മുഖ്യമന്ത്രി ചെയർമാനായി ഉപദേശക സമിതി 5/7/2011ൽ പുന:സംഘടിപ്പിക്കുകയും സമിതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സാഹിത്യ അക്കാദമി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട് |
| ബി) ഇതു വരെ ഇതു സംബന്ധമായി നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | | |
| സി) മലയാള ഭാഷയ്ക്ക് വ്യാകരണം ചമച്ച എ. ആർ രാജരാജവർമ്മ സ്മാരക മന്ദിരം ഭാഷാ ഗവേഷണ പഠന കേന്ദ്രമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) | ഇപ്പോൾ പരിഗണനയിലില്ല |

Padmam P

സെക്ഷൻ ഓഫീസർ